**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3457 — 09.04.2013-ൽ മറുപടിയ്ക്ക്

**പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ നവീകരിക്കാൻ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജോസഫ് വാഴക്കൻ**<br>**,, ഹൈബി ഈഡൻ**<br>**,, റ്റി.എൻ.പ്രതാപൻ**<br>**,, വി.ഡി.സതീശൻ** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ അടിമുടി നവീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;<br>(ബി) പ്രസ്തുത നവീകരണത്തിനായി പ്രത്യേക നയം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;<br>(സി) പ്രസ്തുത വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പ്രസ്തുത നയത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ ;<br>(ഡി) പ്രസ്തുത നയം സംബന്ധിച്ച രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ? | **(എ).(ബി).(സി)&(ഡി):**<br>പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമതയോടെയും സമയബന്ധിതമായും ഗുണനിലവാരത്തോടും നടപ്പാക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ 2012-ലെ പുതുക്കിയ പൊതുമരാമത്ത് വകുപ്പ് മാന്വലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കോൺട്രാക്ടറുടെ ഉത്തരവാദിത്വത്തിൽ തന്നെ അറ്റകുറ്റപ്പണികൾ നടത്തി നിശ്ചിത കാലയളവിലേയ്ക്ക് ഗുണനിലവാരത്തോടെ നിലനിർത്തുന്നതിനുള്ള performance based maintenance contract രീതി നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന കർശനമാക്കുന്നതിന്റെ ഭാഗമായി 11 ജില്ലകളിൽ ജില്ലാതല ലബോറട്ടറികളും, 3 ജില്ലകളിൽ (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) മേഖലാതല ലബോറട്ടറികളും, സ്ഥാപിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. പരിസ്ഥിതി സൗഹൃദപരമായ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് Green Building Policy അവലംബിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. സ്റ്റേറ്റ് റോഡ് പോളിസി, ഇൻഫ്രാസ്ട്രക്ചർ ആക്ട്, പ്രീ ഫാബ്രിക്കേഷൻ ടെക്നോളജി, മൾട്ടി ട്രാൻസ്പോർട്ട് സിസ്റ്റം ഇന്റഗ്രേഷൻ, ഓക്സ്ബോ ലാന്റ് വികസനം, എലിവേറ്റഡ് ഹൈവേയ്സ് മുതലായവ നടപ്പിൽ വരുത്തുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്. ഇവ സംബന്ധിച്ച് വിശദമായ ചർച്ചകൾ നടത്തിയശേഷം മാത്രമേ അന്തിമ രൂപം നൽകാൻ കഴിയൂ. |

**സെക്ഷൻ ഓഫീസർ**